8. <u>ബില്ലിന് രാഷ്ട്രപതിയുടെ അനുമതി വേണമെന്നത് സംബന്ധിച്ച്</u>

2017 മേയ് 24-ാം തീയതി, 2017-ലെ മലയാള ഭാഷ(നിർബന്ധിത ഭാഷ) ബില്ലിന്റെ അവതരണ വേളയിൽ, പ്രസ്തുത ബിൽ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽപ്പെടുന്നതിനാൽ രാഷ്ട്രപതിയുടെ അനുമതി ആവശ്യമാണെന്നും 2015-ൽ നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ പരിഗണനയിലിരിക്കുന്ന മലയാള ഭാഷ വ്യാപനവും പരിപാലനവും ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്ന സാഹചര്യമുണ്ടായാൽ ഈ ബില്ലിന്റെ പ്രസക്തി നഷ്ടപ്പെടുമെന്നും രാഷ്ട്രപതിയുടെ പരിഗണനയിലുള്ള ബില്ലിലെ ക്ലോസ് 6-ൽ കേരളത്തിലെ എല്ലാ എയ്ഡഡ് സ്കൂളുകളിലും പത്താം ക്ലാസ് വരെ നിർബന്ധിത ഒന്നാം ഭാഷ മലയാളമായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും നിലവിലെ ബില്ലിൽ അത് എല്ലാ സ്കൂളുകളുമെന്നാണ് പറഞ്ഞിരിക്കുന്നതെന്നും പരസ്പരവിരുദ്ധമായ ബില്ലുകളായതിനാൽ ഇത് പരിശോധിക്കേണ്ടതാണെന്നും 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പിൻവലിക്കേണ്ടതാണെന്നും ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

പ്രസ്തുത ബിൽ അവതരിപ്പിച്ച വേളയിൽ തന്നെ ഇതിന് പ്രതിപക്ഷം ക്രമപ്രശ്നം ഉന്നയിക്കുകയും ആയതിന് സ്പീക്കർ റൂളിംഗ് നൽകിയിട്ടുണ്ടെന്നും ചട്ടം 79 പ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബില്ലാണ് അവതരിപ്പിക്കുന്നതെന്നും ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നും പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ

അനുമതിക്ക് അയയ്ക്കേണ്ട ആവശ്യമില്ലാത്തതും കേന്ദ്ര നിയമത്തിന്റെ കീഴിൽ വരാത്തതുമാണെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരണം നൽകി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി *

"സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിന് മുൻപായി ചട്ടം 303 അനുസരിച്ച് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ക്രമപ്രശ്നം പ്രസ്തുത ചട്ടത്തിൽ വരുന്നതല്ല. ബിൽ അവതരിപ്പിക്കുന്ന വേളയിൽ തടസ്സവാദം ഉന്നയിച്ചാൽ അവ പരിഗണിച്ചുകൊണ്ടും ബില്ലിലെ തത്വം പൊതുവായി ചർച്ച ചെയ്ത് അംഗീകരിച്ചുകൊണ്ടും വിശദമായ പരിശോധനയ്ക്ക് സെലക്ട് കമ്മിറ്റിക്കോ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്കോ അയയ്ക്കുകയാണ് ചെയ്യുന്നത്. അപ്രകാരം പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്ന ബിൽ പരിഗണനയ്ക്കെടുക്കുന്ന വേളയിൽ അതേ ബില്ലിന്റെ ഭരണഘടനാ സാധ്യത സംബന്ധിച്ചും നിയമനിർമ്മാണത്തിനുള്ള സഭയുടെ കോംപീറ്റൻസി സംബന്ധിച്ചും വീണ്ടും ഉന്നയിക്കുന്നതും റൂളിംഗ് ആവശ്യപ്പെടുന്നതും ഉചിതമല്ല. അതിനാൽ പ്രസ്തുത വാദം ക്രമപ്രകാരമല്ല."

---

* XIV KLA V Session Vol.No.166 dated 24.05.2017.